**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3539 — 22.08.2017 ൽ മറുപടിക്ക്

## ഗുണമേന്മയുള്ളതും സൗഹാർദ്ദപരവുമായ സേവനം

| ചോദ്യം<br>ശ്രീ.കെ.സി.ജോസഫ്<br>,, റോജി എം. ജോൺ<br>,, വി.ഡി.സതീശൻ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സർക്കാർ ആശുപത്രികളിൽ വരുന്ന രോഗികൾക്ക് ഗുണമേന്മയുള്ളതും സൗഹാർദ്ദപരവുമായ സേവനം ഉറപ്പ് വരുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (എ) | സംസ്ഥാനത്തെ ആരോഗ്യമേഖലയിലെ ചികിത്സാ സംവിധാനങ്ങളെ എല്ലാ രീതിയിലും രോഗീസൗഹൃദമാക്കുന്നതിനുള്ള സംരംഭമാണ് ആർദ്രം മിഷൻ. ഔട്ട് പേഷ്യന്റ് വിഭാഗങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി രോഗീസൗഹൃദമായ രീതിയിൽ ചികിത്സ ലഭ്യമാക്കുക, ജില്ലാ താലൂക്ക് ആശുപത്രികളിൽ നിശ്ചിത മാനദണ്ഡങ്ങളോടെ, അടിസ്ഥാന സൗകര്യങ്ങളും ആശുപത്രി ഉപകരണങ്ങളും ലഭ്യമാക്കിക്കൊണ്ടും ആവശ്യത്തിന് ജീവനക്കാരെ നിയമിച്ചുകൊണ്ടും സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി കുടുംബ ആരോഗ്യ കേന്ദ്രങ്ങളാക്കി തിരഞ്ഞെടുത്ത 170 പി.എച്ച്.സി-കളിൽ 680 തസ്തികകൾ അനുവദിച്ചു ഉത്തരവായി. പ്രൈമറി ഹെൽത്ത് സെന്ററുകളെ കുടുംബ ആരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് 23 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.. പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ലബോറട്ടറി സൗകര്യം ലഭിക്കുന്നതിന് 2017-2018 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. 5 കോടി രൂപയുടെ ലബോറട്ടറി ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള പ്രാരംഭനടപടികൾ കെ.എം.എസ്.സി.എൽ വഴി ആരംഭിച്ചിട്ടുണ്ട്. ജില്ലാ താലൂക്ക് ആശുപത്രികളിൽ സ്പെഷ്യാലിറ്റി/ സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കുക. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പ്രവർത്തന മേഖല വിപുലപ്പെടുത്തുക. രോഗികൾക്ക് പ്രോട്ടോകോൾ/ചികിത്സാ മാർഗ്ഗരേഖ പ്രകാരം ഗുണമേന്മയുള്ള ചികിത്സയും പരിചരണവും ലഭ്യമാക്കുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളോടെ ആരോഗ്യ മേഖലയിൽ ആർദ്രം പദ്ധതി നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| (ബി) | മെഡിക്കൽ കോളേജുകൾ, ജില്ലാതല ആശുപത്രികൾ എന്നിവിടങ്ങളിലെ ഒ.പി.കൾ രോഗീസൗഹൃദപരമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (ബി) | ആർദ്രം പദ്ധതിയുടെ ഭാഗമായി ആശുപത്രികൾ രോഗീസൗഹൃദപരമാക്കുന്നതിനു വേണ്ടി 2017-2018 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആരോഗ്യ വകുപ്പിന് കീഴിലെ 17 ജില്ലാ തല ആശുപത്രികൾ രോഗീ സൗഹൃദപരമാക്കുന്നതിന് വേണ്ടി നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>മെഡിക്കൽ കോളേജുകളിൽ ഒ.പി കൗണ്ടറുകളിൽ സ്ത്രീകൾക്കും വികലാംഗർക്കും പ്രത്യേക പരിഗണന നൽകുന്നു. വൃദ്ധ ജനങ്ങൾക്കായി പ്രത്യേക കൗണ്ടറുകൾ മെഡിക്കൽ കോളേജുകളിൽ നടപ്പാക്കി വരുന്നു. ഒ.പി സംബന്ധിച്ച് വിവരങ്ങൾ ലഭ്യമാക്കുന്നതിന് അന്വേഷണ കൗണ്ടർ സ്ഥാപിച്ചിട്ടുണ്ട്. ഒ.പിയിൽ എത്തുന്ന രോഗികൾക്കും കൂടെ വരുന്നവർക്കും ഇരിക്കുന്നതിനായി ഇരിപ്പിടങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഒ.പിയിലെ തിരക്ക് കുറയ്ക്കുന്നതിനായി കൂടുതൽ കൗണ്ടറുകൾ സ്ഥാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ